പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം.

നക്ഷത്ര ചിഹ്ന മിടാത്ത
ചോദ്യം നം. 1021.

20.3.2012-ൽ
മറുപടിയ്ക്ക്

## അമ്പലപ്പുഴ ഗവൺമെന്റ് കോളേജ്

<u>ചോദ്യം</u>

**ശ്രീ.ജി.സുധാകരൻ.**

<u>മറുപടി</u>

ശ്രീ.പി.കെ.അബ്ദുറബ്ബ്,
(വിദ്യാഭ്യാസ വകുപ്പു മന്ത്രി)

(എ) അമ്പലപ്പുഴ ഗവൺമെന്റ് കോളേജ് കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയത് എന്നാണ്; കെട്ടിടം പണി ആരംഭിക്കാത്തതിന് കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(ബി) അടുത്ത അദ്ധ്യയനവർഷത്തിൽ കോളേജിൽ പുതിയ ബാച്ച് ആരംഭിക്കുന്നതിനുമുമ്പ് കോളേജ് കെട്ടിടം പണി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) അടുത്ത അദ്ധ്യയനവർഷത്തിനുമുമ്പ് കെട്ടിയം പണി പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യമുണ്ടായാൽ തടസ്സം കൂടാതെ ക്ലാസ്സുകൾ നടത്താൻ എന്ത് നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് ?

(എ) അമ്പലപ്പുഴ ഗവൺമെന്റ് കോളേജിന് കെട്ടിടം നിർമ്മിക്കുന്നതിനായി ആകെ 12 കോടി 20 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി 1.2.2012 ലെ സ.ഉ.(സാധാ)നം.237/2012/ഉ.വി.വ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി തുക വകയിരുത്തുന്നതിന് ഈ സാമ്പത്തിക വർഷത്തെ ഉപധനാഭ്യർത്ഥന പ്രകാരം ആവശ്യമായ നിർദ്ദേശം ധനകാര്യ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. ആവശ്യമായ തുക ലഭ്യമായതിനു ശേഷം ടെൻഡർ നടപടികൾ ആരംഭിക്കുന്നതാണ്.

(ബി യും സി യും) കെട്ടിടത്തിന്റെ പണി പൂർത്തിയാക്കുന്നതിന് ഉദ്ദേശം 24 മാസമെങ്കിലും വേണ്ടിവരുമെന്നു കരുതുന്നു. പുതിയ കെട്ടിട ത്തിന്റെ നിർമ്മാണം പൂർത്തിയാകുന്നതുവരെ ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കെ.കെ.കുഞ്ഞുപിള്ള മെമ്മോറിയൽ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിൽ കോളേജ് ക്ലാസ്സുകൾ തുടർന്ന് നടത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ.